**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **28-01-2026 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ മേഖലയിൽ അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയിൽ വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | (എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ, പ്ലാന്റേഷൻ മേഖലയിൽ തോട്ടങ്ങളിലെ ലയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ധനസഹായം നൽകുന്ന 'Assistance for the Construction and Renovation of labour housing (Layams) in plantations' എന്ന പദ്ധതി പ്രകാരം ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റി ചേരുകയും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ 32 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 13,60,000/-രൂപയുടെ DPR, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് 200 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 3,58,00,000/- രൂപയുടെ DPR എന്നിവ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കി സബ്സിഡിക്കായി എസ്റ്റേറ്റുകൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി എന്ന നിലയിൽ അപേക്ഷകൾ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുകയും അംഗീകാരം നൽകി ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്. ആകെ ചെലവാക്കുന്ന തുകയുടെ 30% (നവീകരണത്തിനു പരമാവധി 50,000/- രൂപ വരെയും പുതിയ നിർമ്മാണത്തിനു പരമാവധി 2,00,000/- രൂപയും) സബ്സിഡിയായി നൽകും. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | (എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ, പ്ലാന്റേഷൻ മേഖലയിൽ തോട്ടങ്ങളിലെ ലയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ധനസഹായം നൽകുന്ന 'Assistance for the Construction and Renovation of labour housing (Layams) in |

| | | | |
|---|---|---|---|
| | | | plantations' എന്ന പദ്ധതി പ്രകാരം ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റി ചേരുകയും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ 32 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 13,60,000/-രൂപയുടെ DPR, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് 200 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 3,58,00,000/-രൂപയുടെ DPR എന്നിവ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കി സബ്സിഡിക്കായി എസ്റ്റേറ്റുകൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി എന്ന നിലയിൽ അപേക്ഷകൾ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുകയും അംഗീകാരം നൽകി ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്. ആകെ ചെലവാക്കുന്ന തുകയുടെ 30% (നവീകരണത്തിനു പരമാവധി 50,000/- രൂപ വരെയും പുതിയ നിർമ്മാണത്തിനു പരമാവധി 2,00,000/- രൂപയും) സബ്സിഡിയായി നൽകും. |
| (സി) | സംസ്ഥാന ബജറ്റുകളിൽ തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; മേൽ വിഷയത്തിൽ എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | (സി) ഉണ്ട്. 2024-25 ലെ കേരള സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ തൊഴിലാളികളുടെ ലയങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള '**Assistance for the Construction and Renovation of labour housing (Layams) in plantations'** എന്ന പദ്ധതിയ്ക്ക് 01-03-2025 ലെ സ.ഉ.(കൈ) 19/2025/ വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി മാർഗരേഖ പ്രകാരം പ്ലാന്റേഷൻ ഉടമ ലയങ്ങളിലെ നിർമാണമോ നവീകരണമോ നടത്തുന്ന സാഹചര്യത്തിൽ ആകെ ചെലവാകുന്ന തുകയുടെ 30% (നവീകരണത്തിന് പരമാവധി 50,000/- രൂപ വരെയും പുതിയ നിർമാണത്തിന് പരമാവധി 2,00,000/- രൂപ വരെയും)സബ്സിഡിയായി അനുവദിക്കും.<br>ലയങ്ങളുടെ നിർമാണ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള 98 വിശദമായ പദ്ധതി രൂപ രേഖകൾ (DPRs) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇത് വരെ ലഭിച്ചിട്ടുണ്ട്. 276 പുതിയ ലേബർ ലൈൻ യൂണിറ്റുകളുടെ നിർമാണത്തിനുള്ള പ്രൊപ്പോസലും 3256 ലേബർ ലൈൻ യൂണിറ്റുകളുടെ നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലും ഉൾപ്പെടെ ആകെ 3532 ലേബർ ലൈൻ യൂണിറ്റുകളുടെ 98 വിശദമായ പദ്ധതി രൂപ രേഖകൾ ജില്ലാ ഓഫീസുകളിൽ ഇതുവരെയുള്ള കണക്കുകൾ പ്രകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേയ്ക്കായി 2024-25 സാമ്പത്തിക വർഷം 80.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം അധിക ധനാനുമതിയിലൂടെ 10 കോടി രൂപ ആദ്യ ഘട്ടമായി അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2.7 കോടി രൂപ അധിക ധനാനുമതിലൂടെ സർക്കാർ അനുവദിക്കുകയും അതിൽ നിന്നും 2.25 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ